നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന മേൽപ്പറഞ്ഞ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേമെന്റ് എഗ്രിമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ഒരു ചർച്ച നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയപരിധിയ്ക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേലക്കര ആർട്സ് ആന്റ് സയൻസ് കോളേജ്

3 (3719) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പിന്റെ പദ്ധതി തുകയിൽ നിന്ന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ വർഷത്തെ പദ്ധതിയിൽ നിന്നും കോളേജിനുവേണ്ടി ആവശ്യമായ തുക അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 9 ലക്ഷം രൂപയും പദ്ധതിവിഹിതത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കോളേജിന്റെ ആവശ്യത്തിലേക്കായി 7.70 ലക്ഷം രൂപയുടെ ഫർണിച്ചറും ഇലക്ട്രോണിക്സ് ഉപകരണങ്ങളും സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഒരു കോടി രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly